ചെയർമാനായി കമ്മീഷനെ നിയമിക്കുകയും മേൽനടപടികൾ സ്വീകരിച്ചുവരികയാണ്. ഈ കമ്മീഷനിൽ അംഗീകൃത തൊഴിലാളി സംഘടനകളുടെ പ്രതിനിധികളെ ഉൾപ്പെടുത്താതിരുന്നത് വ്യാപകമായ പ്രതിഷേധത്തിന് ഇടവരുത്തിയിട്ടുണ്ട്. കേന്ദ്രഗവൺമെന്റിന്റെ ഇത്തരം ജനവിരുദ്ധ നടപടികൾക്ക് എതിരായി ജനങ്ങളുടെ ശക്തിയായ പ്രതിഷേധം ഉയർന്ന് വരേണ്ടതുണ്ട്.

മി. സ്പീക്കർ : ശ്രീ. കെ. പി. രാജേന്ദ്രൻ.....

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, നിയമസഭയിൽ മുമ്പ് പാസ്സാക്കിയ പ്രമേയത്തെക്കുറിച്ച് ഞാൻ പറഞ്ഞു. ഹൈക്കോടതി റബ്ബർ ആക്ട് അനുസരിച്ച് കുറഞ്ഞ വില നിശ്ചയിക്കുവാൻ കേന്ദ്രത്തോട് ആവശ്യപ്പെട്ടു. അതിന് എതിരായിട്ടാണ് കേന്ദ്ര ഗവൺമെന്റ് സുപ്രീംകോടതിയിൽ അപ്പീലിന് പോയത്. ആ അപ്പീൽ തള്ളിയ സാഹചര്യത്തിൽ റബ്ബറിന്റെ കുറഞ്ഞ വില നിശ്ചയിക്കുവാൻ വൈകരുത് എന്നുള്ള ശക്തമായ ആവശ്യം കേന്ദ്ര ഗവൺമെന്റിനെ അറിയിക്കാനുള്ള തീരുമാനം കൈക്കൊള്ളുവാൻ സമ്മർദ്ദം ചെലുത്തുമോ?

ശ്രീ. ഇ. കെ. നായനാർ : അക്കാര്യം ആലോചിക്കാവുന്നതാണ്. സമ്മർദ്ദം ചെലുത്താം.

മി. സ്പീക്കർ : റൂൾ 304.....ശ്രീ. പി. വിശ്വൻ.....

V സബ്മിഷൻ

(1) ചേമഞ്ചേരി ദാമോദരൻ നായരേയും അനുജനേയും കൊലചെയ്ത സംഭവം

ശ്രീ. പി. വിശ്വൻ : സർ, ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ശ്രമിക്കുന്നത് എന്റെ ഗ്രാമത്തിൽ ജനുവരി മാസം 18-ാം തീയതി രാത്രി 7.30-ന് അജ്ഞാതരായ ഒരുകൂട്ടം കൊലയാളികൾ ചേമഞ്ചേരി പഞ്ചായത്തിലെ കുന്നുമ്മൽ വീട്ടിൽ ദാമോദരൻ നായരെയും അനുജനെയും ക്രൂരമായി വെട്ടിക്കൊലപ്പെടുത്തിയ സംഭവമാണ്. പി.ഡബ്ല്യു.ഡി.യിൽ നിന്നും റിട്ടയർ ചെയ്ത ഒരു ഉയർന്ന ഉദ്യോഗസ്ഥനാണ് ദാമോദരൻ നായർ. അനുജൻ മലപ്പുറത്തെ ഒരു സ്വകാര്യ ആശുപത്രിയിലെ ജീവനക്കാരനായിരുന്നു. ഇവർക്ക് എതിരെ നാട്ടിൽ ശത്രുക്കളാരും ഇല്ല എന്നത് വസ്തുതയാണ്. ഇത് ആ നാട്ടിലെ മുഴുവൻ ജനങ്ങളെയും വേദനിപ്പിച്ചതും നടുക്കിയതുമായ ഒരു സംഭവമാണ്. സന്ധ്യയ്ക്കുശേഷം 7.30-ന് കൊലപാതകികൾ ഏട്ടനെയും അനുജനെയും ക്രൂരമായി വെട്ടി കൊലപ്പെടുത്തുകയാണ് ചെയ്തത്. എന്നാൽ ഈ കൊലയാളികളെ ഇതേവരെ കണ്ടുപിടിക്കുവാൻ കഴിഞ്ഞിട്ടില്ല. പോലീസിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഭാഗത്തുനിന്നും വളരെ ഗൗരവമായ സമീപനം ഉണ്ടായി എന്നൊക്കെ പറയുന്നുണ്ടെങ്കിലും കൊലയാളികളെ കണ്ടുപിടിക്കുവാനോ ഇതിന്റെ വേര് എവിടെ നിന്നാണെന്ന് മനസ്സിലാക്കാനോ ഇതുവരെ കഴിഞ്ഞിട്ടില്ല. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുവാനുള്ളത്, ദാമോദരൻ നായരെയും അനുജനെയും കൊലപ്പെടുത്തിയ ഈ കൊലപാതക സംഘത്തെ അടിയന്തിരമായി കണ്ടുപിടിക്കുവാനും ജനങ്ങളുടെ ഉത്കണ്ഠയിൽ നിന്നും അവരെ വിമുക്തരാക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കണം എന്നുള്ളതാണ്.

മി. സ്പീക്കർ : മുഖ്യമന്ത്രി.....

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, കോഴിക്കോട് ചേമഞ്ചേരി ചൈതന്യയിൽ ദാമോദരൻ നായരെയും സഹോദരൻ സഹദേവൻ നായരെയും 18-1-2001-നു രാത്രി ആരോ കഴുത്തിന് വെട്ടി. ഗുരുതരമായി പരിക്കേറ്റ ഇവർ കോഴിക്കോട് മെഡിക്കൽ കോളേജാശുപത്രിയിൽ ചികിത്സയിലിരിക്കവെ മരണപ്പെട്ടു. ഇതു സംബന്ധിച്ച് ക്രൈം 24/2001 നമ്പരായി കൊയിലാണ്ടി പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നു. പ്രതികളെ അറസ്റ്റുചെയ്ത് നടപടി ത്വരിതപ്പെടുത്താൻ ഡി.ജി.പി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

മി. സ്പീക്കർ : ശ്രീ.നാലകത്ത് സൂപ്പി.....

(2) ഹാജിമാരെയും പ്രവാസിമലയാളികളെയും സെൻസസിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം

ശ്രീ. നാലകത്ത് സൂപ്പി : സർ, ഫെബ്രുവരി 1-ാം തീയതി മുതൽ രാജ്യത്ത് ഒട്ടാകെ സെൻസസ് പ്രവർത്തനം നടത്തിവരുകയാണ്. അതിന്റെ ഭാഗമായി നമ്മുടെ നാട്ടിലും സെൻസസ് പ്രവർത്തനം തുടങ്ങി കഴിഞ്ഞു. പ്രവാസി മലയാളികളെയും ഇപ്പോൾ താൽക്കാലികമായി ഹജ്ജിനുപോയ ഹാജിമാരേയും സ്ഥലത്ത് ഇല്ലാത്ത ആളുകളെയും ഉൾപ്പെടുത്താൻ എന്യൂമറേറ്റർമാർ തയ്യാറാകുന്നില്ല. ചില വീടുകളിൽ പോയി അന്വേഷിക്കുമ്പോൾ ആളില്ല എന്നുപറയുമ്പോൾ അവിടെ കണക്ക് എടുക്കുന്നില്ല. അടിസ്ഥാനപരമായി രാജ്യത്ത് പൗരന്മാരുടെ കണക്കെടുപ്പും അതുപോലെ ഭാവിയിൽ ലക്ഷ്യപ്രവർത്തനങ്ങളും മറ്റും നടത്താനുള്ള രേഖ എന്നുള്ള നിലയ്ക്ക് ഈ രാജ്യത്തെ എല്ലാ പൗരന്മാരും അതിൽ ഉൾപ്പെടുത്തേണ്ടതാണ്. ന്യായമായി ഇവിടെ താമസിക്കുന്ന ആളുകളൊക്കെ ആ കൂട്ടത്തിൽ പെടാതെ പോകുന്നത് തെറ്റാണ്. അതൊരു അവകാശ ലംഘനമാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ പ്രവാസി മലയാളികളുണ്ട്. പത്ത് ലക്ഷത്തോളം പ്രവാസി മലയാളികൾ കേരളത്തിലുണ്ട്. അവരുടെ പേര് ഉൾപ്പെടുത്തണം. ഹജ്ജിനുപോയ ആളുകൾ മടങ്ങിവന്നതിനുശേഷമെങ്കിലും അവരുടെ കണക്ക് എടുക്കണം. വീടുകളിൽ കണക്കെടുക്കുമ്പോൾ അവരെക്കൂടി ഉൾപ്പെടുത്താൻ നടപടി ഉണ്ടാകണമെന്ന് മുഖ്യമന്ത്രി ഈ കാര്യത്തിൽ ഇടപെട്ട് വേണ്ട നിർദ്ദേശം കൊടുക്കണമെന്ന് ആവശ്യപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly